ഉൾനാടൻ മത്സ്യബന്ധനം

218 (1977) ശ്രീ. കെ. ബാബു :
ശ്രീ. ജോർജ് മേഴ്സിയർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഉൾനാടൻ മത്സ്യബന്ധനം സംബന്ധിച്ച നിയമം കാര്യക്ഷമമായി നടപ്പിലാക്കാനായി എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഈ നിയമം നടപ്പിലാക്കുന്നതിന് വിവിധ വകുപ്പുകളുടെ ഏകോപിച്ചുള്ള പ്രവർത്തനം ഉറപ്പു വരുത്താനായി സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ ;

(സി) സംസ്ഥാനത്തെ മത്സ്യ ഉൽപ്പാദനവും ഇതര പ്രവർത്തനങ്ങളും പരിപോഷിപ്പിക്കാൻ നടപ്പിലാക്കുന്ന പദ്ധതികൾക്ക് തദ്ദേശഭരണ സ്ഥാപനങ്ങളുടെ സഹകരണം ലഭ്യമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് ഉൾനാടൻ മത്സ്യബന്ധന മേഖലയുടെ സുസ്ഥിര വികസനം, മാനേജ്മെന്റ്, സംരക്ഷണം, പരിരക്ഷ, പോഷണം ഉപയോഗപ്പെടുത്തൽ എന്നിവയ്ക്കും സാമൂഹിക ഫിഷറികൾ അഭിവൃദ്ധിപ്പെടുത്തുന്നതിനും അക്വാകൾച്ചർ പ്രദേശങ്ങളിലുള്ള ഫിഷറി സംബന്ധിച്ച പ്രവർത്തനങ്ങൾ ക്രമീകരിക്കുന്നതിനും നിയന്ത്രിക്കുന്നതിനും അവയുമായി ബന്ധപ്പെട്ടതുമായ കാര്യങ്ങൾക്കും വേണ്ടി 2010-ലെ കേരള ഉൾനാടൻ ഫിഷറീസും അക്വാകൾച്ചറും ആക്ട് പ്രാബല്യത്തിൽ വന്നിട്ടുണ്ട്. ആക്ട് നടപ്പിലാക്കുന്നതിനായി കേരള ഉൾനാടൻ മത്സ്യബന്ധനം സംബന്ധിച്ച ചട്ടങ്ങൾ തയ്യാറാക്കി വരുന്നു. നിലവിൽ ഉൾനാടൻ മത്സ്യബന്ധനം സംബന്ധിച്ച നിയമ നടപടികൾ അതത് ജില്ലകളിൽ ബാക്ക് വാട്ടർ പട്രോളിംഗ് വിഭാഗം കാര്യക്ഷമമായി നടപ്പാക്കിവരുന്നുണ്ട്.

(ബി) പുതിയ നിയമമനുസരിച്ച് വിവിധ വകുപ്പുകളുടെ ഏകോപനം സാധ്യമാക്കുന്നതിന് സംസ്ഥാനതല അഡ്വൈസറി കമ്മിറ്റിയും ജില്ലാ തലങ്ങളിലുള്ള അഡ്വൈസറി കമ്മിറ്റികളും വ്യവസ്ഥ ചെയ്തിട്ടുണ്ട്. ബന്ധപ്പെട്ട വികസന വകുപ്പുകൾക്ക് പങ്കാളിത്തമുള്ള ഈ ഉപദേശക സമിതികൾ പ്രാബല്യത്തിൽ വരുന്നതോടെ വിവിധ വകുപ്പുകളുടെ ഏകോപനം യാഥാർത്ഥ്യമാകുന്നതാണ്.

(സി) സംസ്ഥാനത്തെ മത്സ്യോത്പാദനം വർദ്ധിപ്പിക്കുന്നതിനുവേണ്ടി ആവിഷ്കരിച്ച മത്സ്യകേരളം പദ്ധതി തദ്ദേശഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെയാണ് നടപ്പാക്കിവരുന്നത്. പദ്ധതിയുടെ സംസ്ഥാന ഗൈഡൻസ് കൗൺസിലിൽ ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയും തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയും, പഞ്ചായത്ത് ഡയറക്ടറും അംഗങ്ങളാണ്. സംസ്ഥാനതല സ്റ്റിയറിംഗ് കമ്മിറ്റിയിൽ പഞ്ചായത്ത് അഡീഷണൽ

LIBRARY ARCHIVES Kerala Legislative Assembly

ഡയറക്ടർ അംഗമാണ്. കൂടാതെ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അദ്ധ്യക്ഷനായി ജില്ലാതല സ്റ്റിയറിംഗ് കമ്മിറ്റിയാണ് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത്. പദ്ധതിയുടെ ഗ്രാസ്റൂട്ട് ലെവലിൽ പ്രവർത്തിച്ചുവരുന്ന മത്സ്യ കർഷക ക്ലബ്ബുകളുടെ ചെയർമാൻ അതത് പഞ്ചായത്ത് പ്രസിഡന്റാണ്. പഞ്ചായത്ത് മെമ്പർമാർ ഫാർമേഴ്സ് ക്ലബ്ബുകളിലും അംഗങ്ങളാണ്. കൂടാതെ മത്സ്യകർഷക ക്ലബ്ബുകൾക്ക് നേതൃത്വം നൽകുന്ന അക്വാകൾച്ചർ കോ-ഓർഡിനേറ്റർമാരെ തെരഞ്ഞെടുക്കുന്നതും അതാത് തദ്ദേശഭരണ സ്ഥാപനങ്ങളാണ്. പദ്ധതിയിൽ കുളം പുനരുദ്ധരിക്കുന്നതിന് ഒറ്റത്തവണ സബ്സിഡിയും മൂന്ന് ഘട്ടങ്ങളിലും ഇൻപുട്ട് സബ്സിഡിയും നൽകുന്നുണ്ട്. ഇതിൽ രണ്ടും മൂന്നും ഘട്ടങ്ങളിലെ സബ്സിഡി ഫിഷറീസ് വകുപ്പും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും സംയുക്തമായാണ് വഹിക്കുന്നത്. ഇവ കൂടാതെ പദ്ധതിയുടെ വിവിധ ഘട്ടങ്ങളിൽ പഞ്ചായത്തു പ്രസിഡന്റുമാർക്കും അംഗങ്ങൾക്കും പദ്ധതിയെക്കുറിച്ച് കൂടുതൽ അവബോധം വരത്തക്കവിധത്തിൽ സെമിനാറുകളും യോഗങ്ങളും സംഘടിപ്പിക്കാറുണ്ട്.

മത്സ്യമേഖലയിലെ ക്ഷേമപ്രവർത്തനങ്ങൾ

220 (1978) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മത്സ്യമേഖലയിലെ ക്ഷേമപ്രവർത്തനങ്ങൾക്കായി ഈ സർക്കാർ എന്തെല്ലാം നടപടികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കിയെന്ന് വിശദമാക്കുമോ ;

(ബി) മത്സ്യത്തൊഴിലാളികൾക്കായുള്ള ക്ഷേമപദ്ധതികളുടെ ലക്ഷ്യപ്രാപ്തി സംബന്ധിച്ച് പഠനം നടത്തുന്നതിന് സർക്കാർ ഏതെങ്കിലും ഏജൻസിയെ നിയമിച്ചിരുന്നുവോ ; പ്രസ്തുത ഏജൻസി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ റിപ്പോർട്ടിന്റെ പ്രസക്ത ഭാഗങ്ങൾ പ്രസിദ്ധീകരിക്കാമോ ;

(ഡി) മത്സ്യത്തൊഴിലാളികളുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിനും, തൊഴിൽ ഉപകരണങ്ങൾ ലഭ്യമാക്കാനും എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദീകരിക്കുമോ ?

ഉത്തരം

(എ) മത്സ്യമേഖലയിലെ ക്ഷേമ പ്രവർത്തനങ്ങൾക്കായി ഈ സർക്കാർ നിരവധി ക്ഷേമ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നു. സാമൂഹ്യ സുരക്ഷാ പദ്ധതിയുടെ ഭാഗമായി വാർദ്ധക്യകാല പെൻഷൻ പദ്ധതി, അപകട ഇൻഷ്വറൻസ് പദ്ധതി, മത്സ്യബന്ധന യാനങ്ങളുടെ ഇൻഷ്വറൻസ് പദ്ധതി, സമ്പാദ്യ സമാഹരണ പദ്ധതി, ഭവനനിർമ്മാണ പദ്ധതി, മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്കുള്ള വിദ്യാഭ്യാസ ആനുകൂല്യങ്ങൾ, ട്രോളിംഗ് കാലയളവിൽ സൗജന്യ റേഷൻ, പലിശരഹിത വായ്പാ പദ്ധതി, റിവോൾവിംഗ് ഫണ്ട്, പീലിംഗ് തൊഴിലാളികൾക്ക് സഹായം, മത്സ്യത്തൊഴിലാളി കടാശ്വാസ പദ്ധതി തുടങ്ങി മത്സ്യഫെഡും മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡും നടപ്പാക്കുന്ന പദ്ധതികൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly